**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.543

27/07/2015 ൽ മറുപടിയ്ക്ക്

## ഡി.സി. സ്യൂട്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ. ജയരാജ്<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കളക്ടറേറ്റുകളിൽ ഡി.സി. സ്യൂട്ട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) തിരുവനന്തപുരം ജില്ലയൊഴികെയുള്ള ജില്ലകളിലെ കളക്ട്രേറ്റുകളിൽ ഡി.സി. സ്യൂട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിലൂടെ ഫയൽ പ്രോസസിംഗ് രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) വളരെ വേഗത്തിലും എളുപ്പത്തിലും ഫയൽ പ്രോസസിംഗ് നടത്തുവാൻ കഴിയും എന്നുള്ളതാണ് ഇതിന്റെ പ്രധാന നേട്ടം. മേലധികാരികൾക്ക് ഫയൽ ട്രാക്കിംഗ് വളരെ പെട്ടെന്ന് തന്നെ നടത്തുവാൻ കഴിയുന്നതു കൂടാതെ ഫയൽ പ്രോസസിംഗിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും സാധിക്കും. |
| (സി) പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഡി.സി. സ്യൂട്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ള ജില്ലകളിൽ കമ്പ്യൂട്ടറുകളുടെ കാലപ്പഴക്കം മൂലം ഡി.സി.സ്യൂട്ടിലെ വിവിധ മൊഡ്യൂളുകൾ പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. ആയതിനാൽ ടി പദ്ധതിക്ക് പകരമായി കുറേക്കൂടി മെച്ചപ്പെട്ട ഇ-ഓഫീസ് എന്ന ഓൺലൈൻ ഫയൽ പ്രോസസിംഗ് സംവിധാനം ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത ജില്ലകളിൽ നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ